REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 12-02-2026 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **തൊഴിലവസരങ്ങൾക്കും, സാമ്പത്തിക വളർച്ചയ്ക്കുമായി അടിസ്ഥാന സൗകര്യ വികസനത്തിന് ബജറ്റിൽ വലിയ പ്രാധാന്യം നൽകിയിട്ടുണ്ടെന്ന് ധനമന്ത്രി നിർമല സീതാരാമൻ.**
- **ദേശീയ ഗീതം വന്ദേമാതര ആലാപനത്തിന് കേന്ദ്ര ഗവൺമെന്റ് വിശദ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.**
- **തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണം സംസ്ഥാനത്ത് ദ്രുതഗതിയിൽ പൂർത്തീകരണത്തിലേക്ക് നീങ്ങുകയാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ.രത്തൻ U ഖേൽക്കർ.**
- **ദാരിദ്ര്യ ലഘൂകരണം എന്ന ലക്ഷ്യം പൂർത്തിയാക്കിയ കുടുംബശ്രീ, വരുമാനം വർധിപ്പിക്കുകയെന്ന പുതിയ ലക്ഷ്യത്തിലേക്ക് കടന്നതായി മന്ത്രി MB രാജേഷ്.**
- **ICC പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് നമീബിയയെ നേരിടും.**

## വാർത്തകൾ വിശദമായി

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാമ്പത്തിക വളർച്ചയ്ക്കുമായി അടിസ്ഥാന സൗകര്യ വികസനത്തിന് ബജറ്റിൽ വലിയ പ്രാധാന്യമാണ് നൽകിയിരിക്കുന്നതെന്ന് ധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞു. ലോക്സഭയിൽ ബജറ്റ് ചർച്ചയ്ക്ക് മറുപടി പറയുകയായിരുന്നു ധനമന്ത്രി.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

സംസ്ഥാനങ്ങളുടെ നികുതി വിഹിതം കുറച്ചെന്ന പ്രതിപക്ഷ ആരോപണം തള്ളിയ മന്ത്രി, 25 ലക്ഷം കോടി രൂപ ഈ വർഷം സംസ്ഥാനങ്ങൾക്ക് കൈമാറുമെന്നും സഭയെ അറിയിച്ചു.

ബജറ്റിൽ ക്രിയാത്മകമായി ഒന്നുമില്ലെന്ന് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി വിമർശിച്ചു. നിർമ്മിത ബുദ്ധിയ്ക്ക് അമിത പ്രാധാന്യം നൽകുന്നത് IT, എഞ്ചിനീയറിംഗ് മേഖലകളിൽ തൊഴിൽ നഷ്ടമുണ്ടാക്കുമെന്നും അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. ഇന്ത്യ-അമേരിക്ക വ്യാപാര കരാറിലൂടെ രാജ്യം വലിയ വിട്ടുവീഴ്ചകൾ ചെയ്തതായും യുവാക്കളുടെയും കർഷകരുടെയും താൽപ്പര്യങ്ങൾ അവഗണിച്ചതായും രാഹുൽ കുറ്റപ്പെടുത്തി.

എന്നാൽ, രാഹുൽ ഗാന്ധിയുടെ ആരോപണങ്ങൾക്ക് മറുപടി നൽകിയ പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു, 2014 വരെ രാജ്യത്തെ ദുർബലപ്പെടുത്തിയ കോൺഗ്രസിന് ഇപ്പോഴത്തെ പുരോഗതിയിൽ അതൃപ്തിയാണെന്ന് കുറ്റപ്പെടത്തി.

✪✪✪

ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്കെതിരെ കോൺഗ്രസും പ്രതിപക്ഷ പാർട്ടികളും നൽകിയ അവിശ്വാസ പ്രമേയ നോട്ടീസ് മാർച്ച് ഒൻപതിന് ആരംഭിക്കുന്ന രണ്ടാം ഘട്ട ബജറ്റ് സമ്മേളനത്തിന്റെ ആദ്യദിവസം പരിഗണിയ്ക്കും. നോട്ടീസിൽ ചില പോരായ്മകളുണ്ടെന്ന് ലോക്സഭാ സെക്രട്ടേറിയറ്റ് കണ്ടെത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നിരസിക്കാൻ സെക്രട്ടേറിയറ്റിന് അധികാരമുണ്ടെങ്കിലും, പോരായ്മകൾ പരിഹരിച്ച് നടപടി തുടരാൻ ഓം ബിർള തന്നെ ആവശ്യപ്പെടുകയായിരുന്നു. 118 അംഗങ്ങളാണ് പ്രമേയ നോട്ടീസിൽ ഒപ്പിട്ടത്.

✪✪✪

CBSE ഈ വർഷം മുതൽ പന്ത്രണ്ടാം ക്ലാസ് പരീക്ഷാ പേപ്പറുകളുടെ മൂല്യനിർണ്ണയത്തിന് 'ഓൺ-സ്ക്രീൻ മാർക്കിംഗ്' രീതി നടപ്പിലാക്കും. മൂല്യനിർണയത്തിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പാക്കാനാണ് നടപടി. എന്നാൽ പത്താം ക്ലാസ് പരീക്ഷാ പേപ്പറുകളുടെ മൂല്യനിർണ്ണയം പഴയതുപോലെ തുടരും.

ഇന്ത്യയിലും മറ്റ് 26 രാജ്യങ്ങളിലുമായി ഏകദേശം 46 ലക്ഷം വിദ്യാർത്ഥികളാണ് CBSE പത്താം ക്ലാസ്, പന്ത്രണ്ടാം ക്ലാസ് പരീക്ഷകൾ എഴുതുന്നത്.

✪✪✪

ദേശീയ ഗീതം വന്ദേമാതര ആലാപനത്തിന് കേന്ദ്ര ഗവൺമെന്റ് വിശദ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. വന്ദേമാതരവും ദേശീയ ഗാനവും ആലപിക്കുന്ന ചടങ്ങുകളിലെല്ലാം വന്ദേമാതരത്തിന്റെ ആറ് പദ്യഭാഗങ്ങളും ആദ്യം പാടണമെന്ന് ആഭ്യന്തര മന്ത്രാലയം നിർദ്ദേശിച്ചു.

രാഷ്ട്രപതിയുടെ വരവ്, ദേശീയ പതാക ഉയർത്തൽ, ഗവർണർമാരുടെ പ്രസംഗം തുടങ്ങി സുപ്രധാന അവസരങ്ങളിൽ ദേശിയ ഗീതത്തിന്റെ ആറ് ഭാഗങ്ങളും പൂർണ്ണമായി പതിപ്പ് ആലപിക്കുകയോ, പ്ലേ ചെയ്യുകയോ വേണം. നിർദ്ദേശങ്ങൾ പ്രകാരം ഗവൺമെന്റ് സംഘടിപ്പിക്കുന്ന ഔദ്യോഗിക പരിപാടികളിലും രാഷ്ട്രപതിയും ഗവർണറും എത്തിച്ചേരുമ്പോഴും പോകുമ്പോഴും ദേശീയ ഗീതത്തിന്റെ ഔദ്യോഗിക പതിപ്പ് പ്ലേ ചെയ്യും.ആകാശവാണി, ദൂരദർശൻ എന്നിവയിലൂടെ രാഷ്ട്രപതി രാജ്യത്തെ അഭിസംബോധന ചെയ്യുന്നതിന് മുമ്പും ശേഷവും, പരേഡിൽ ദേശീയ പതാക കൊണ്ടുവരുമ്പോഴും ദേശീയ ഗീതം പ്ലേ ചെയ്യേണ്ടതാണ്.

✪✪✪

ദേശീയ ഉത്പാദനക്ഷമതാ വാരാചരണം ഇന്ന് ആരംഭിക്കും. ദേശീയ ഉത്പാദനക്ഷമതാ കൗൺസിലിന്റെ നേതൃത്വത്തിലാണ് 68-ാമത് രൂപീകരണ ദിനത്തിന്റെ ഭാഗമായി വാരാചരണം സംഘടിപ്പിക്കുന്നത്.

✪✪✪

സംയുക്ത ട്രേഡ് യൂണിയനുകൾ പ്രഖ്യാപിച്ച 24 മണിക്കൂർ ദേശീയ പണിമുടക്ക് തുടങ്ങി. ഇന്നലെ അർധരാത്രി ആരംഭിച്ച പണിമുടക്ക് ഇന്ന് അർധ രാത്രിവരെ നീളും. ബസ്, ഓട്ടോ, ടാക്സി തൊഴിലാളികൾ പണിമുടക്കിൽ പങ്കെടുക്കുന്നുണ്ട്. അവശ്യ സർവീസുകളെ പണിമുടക്കിൽ നിന്ന് ഒഴിവാക്കി. രാജ്യത്തെ പത്തോളം ട്രേഡ് യൂണിയനുകൾ ചേർന്നാണ് പണിമുടക്കിന് ആഹ്വാനം നൽകിയത്. പണിമുടക്കിന് സംസ്ഥാന ഗവൺമെന്റ് ഡയസ്നോൺ പ്രഖ്യാപിച്ചു.

ദേശീയ പണിമുടക്കിന്റെ പശ്ചാത്തലത്തിൽ PSC ഇന്ന് നടത്താനിരുന്ന പരീക്ഷകൾ മാറ്റി. ഈ മാസം 21 ന് സമയത്തിലോ, കേന്ദ്രത്തിനോ മാറ്റമില്ലാതെ പരീക്ഷ നടത്തും. നിലവിൽ ഡൗൺലോഡ് ചെയ്ത അഡ്മിഷൻ ടിക്കറ്റുമായി പരീക്ഷയെഴുതാം. കേരള, MG, കാലിക്കറ്റ് സർവകലാശാലകളും ഇന്ന് നടത്താനിരുന്ന പരീക്ഷകൾ മാറ്റി.

ദേശീയ പണിമുടക്കിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കേന്ദ്ര പെൻഷൻ സംഘടനകൾ കൊച്ചിയിൽ ഇന്നലെ റാലി സംഘടിപ്പിച്ചിരുന്നു.

✪✪✪

LDF ഗവണ്മെന്റിനെതിരെ  ജമാഅത്തെ ഇസ്‌ലാമി മെനയുന്ന നുണകൾ, കോൺഗ്രസും ലീഗും ചേർന്ന് പ്രചരിപ്പിക്കുകയാണെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ ആരോപിച്ചു.  LDE ഉത്തരമേഖലാ വികസനമുന്നേറ്റ ജാഥയ്ക്ക് മലപ്പുറം ജില്ലയിലെ മഞ്ചേരി, മങ്കട, പെരിന്തൽമണ്ണ, കോട്ടക്കൽ നിയോജക മണ്ഡലങ്ങളിൽ നൽകിയ സ്വീകരണ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗവൺ മെന്റിനും മുഖ്യമന്ത്രിക്കുമെതിരേ UDF മാധ്യമങ്ങൾ നിരന്തരം കള്ളം പ്രചരിപ്പിക്കുകയാണ്. വയനാട്ചൂരൽമലയിൽ വീടുനിർമാണം വൈകുന്നത് ഗവണ്മെന്റ് ഭൂമി വിട്ടുനൽകാ  ത്തത് കൊണ്ടാണെന്ന  പ്രതിപക്ഷ നേതാവ് V D  സതീശന്റെ വാദം വസ്തുതകൾക്ക് നിരക്കാത്തതാണെന്നും MV ഗോവിന്ദൻ പറഞ്ഞു.

ദേശീയ പണിമുടക്കിന്റെ പശ്ചാത്തലത്തിൽ ഇന്ന്  ജാഥാ പര്യടനം ഉണ്ടായിരിക്കില്ല.മറ്റന്നാൾ  വരെ ജാഥ മലപ്പുറം ജില്ലയിൽ പര്യടനം നടത്തും.

✪✪✪

UDF അധികാരത്തിൽ വന്നാൽ സാധാരണക്കാരുടെയും,  പാവപ്പെട്ടവരുടെയും ദുരിതങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് മുന്തിയ പരിഗണന നൽകുമെന്ന് പ്രതിപക്ഷ  നേതാവ് VD സതീശൻ പറഞ്ഞു.  UDF പുതുയുഗയാത്രയ്ക്ക് കോഴിക്കോട് ജില്ലയിൽ ഒരുക്കിയ സ്വീകരണയോഗങ്ങളിൽ സംസാരിക്കുകയായിരുന്നു VD സതീശൻ.

നൂറ് സീറ്റുമായി UDF  തിരിച്ചുവരുമെന്നും ഒറ്റക്കെട്ടായാണ് ഘടകകക്ഷികൾ പ്രവർത്തിക്കുന്നതെന്നും സതീശൻ വ്യക്തമാക്കി. അതേസമയം ഇടതുമുന്നണിയിലെ ഘടക കക്ഷികൾ പരസ്പര വിശ്വാസമില്ലാതെ ശിഥിലമായിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇന്ന് രാവിലെ തിരുവമ്പാടിയിൽ നിന്ന് തുടങ്ങുന്ന പുതുയുഗ യാത്രയ്ക്ക് വൈകീട്ട്  കോഴിക്കോട് മുതലക്കുളത്ത് സ്വീകരണം നൽകും. പൊതുസമ്മേളനം കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. മുസ്ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി  P.K കുഞ്ഞാലിക്കുട്ടി മുഖ്യപ്രഭാഷണം നടത്തും.

✪✪✪

തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണം സംസ്ഥാനത്ത് ദ്രുതഗതിയിൽ പൂർത്തികരണത്തിലേക്ക് നീങ്ങുകയാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ.രത്തൻ U ഖേൽക്കർ അറിയിച്ചു.  79 നിയോജക മണ്ഡലങ്ങളിൽ ഇതിനകം ഹിയറിങ്ങ് പൂർത്തിയായി. കണ്ണൂരിലും, പേരാവൂരിലും മാത്രമാണ്

അഞ്ച് ശതമാനത്തിലേറെ ഹിയറിംഗ് നടപടികൾ ശേഷിക്കുന്നത്. കേരളത്തിലെ ഏക ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ മുഴുവൻ വോട്ടർമാരുടെയും ഹിയറിംഗ് നടപടികൾ പൂർത്തിയായതായും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

✪✪✪

ദാരിദ്ര്യ ലഘൂകരണം എന്ന ലക്ഷ്യം പൂർത്തിയാക്കിയ കുടുംബശ്രീ വരുമാനം വർധിപ്പിക്കുകയെന്ന പുതിയ ലക്ഷ്യത്തിലേക്ക് കടന്നതായി മന്ത്രി MB രാജേഷ് അറിയിച്ചു. കുടുംബശ്രീ നടപ്പാക്കിയ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജനയിൽ ജോലി ലഭിച്ച യുവജനങ്ങളുടെ "'ടാലന്റോ -26" സംഗമം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 78,524 പേർക്ക് പരിശീലനം നൽകിയതിൽ, 56,665 പേർക്ക് വേതനാധിഷ്ഠിത നിയമനം ലഭിച്ചതായി മന്ത്രി അറിയിച്ചു. യോജന 2.0 യുടെ ഭാഗമായി 3,272 ഗ്രാമീണ യുവജനങ്ങളെ ഉൾപ്പെടുത്തിയ 36 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതായും MB രാജേഷ് പറഞ്ഞു.

✪✪✪

അടുത്ത അധ്യയന വർഷത്തെ പാഠപുസ്തക വിതരണവും സൗജന്യ കൈത്തറി യൂണിഫോം വിതരണ പദ്ധതിയും മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവന ന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് പട്ടം സെന്റ് മേരീസ് സ്കൂളിലാണ് ഉദ്ഘാടനചടങ്ങ് .

മേയ് അവസാന വാരത്തോടെ എല്ലാ പുസ്തകങ്ങളും സ്ക്കൂളുകളിൽ എത്തിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി നേരത്തെ അറിയിച്ചിരുന്നു. അടുത്ത അധ്യയന വർഷം മുതൽ 11-ാം ക്ലാസിൽ പുതിയ പാഠപുസ്തകങ്ങൾ ആയിരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

ICC പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ വെസ്റ്റ് ഇൻഡീസ്, ഇംഗ്ലണ്ടിനെ 30 റൺസിന് തോൽപ്പിച്ചു. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലായിരുന്നു മത്സരം.

കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ ഓസ്ട്രേലിയ, അയർലണ്ടിനെ 67 റൺസിനും, അഹമ്മദാബാദ് നരേന്ദ്രമോദി സ്റ്റേഡിയത്തിൽ ഡബിൾ സൂപ്പർ ഓവറിൽ ദക്ഷിണാഫ്രിക്ക, അഫ്ഗാനിസ്ഥാനെയും പരാജയപ്പെടുത്തി.

ഇന്ത്യ വൈകിട്ട് ഏഴിന് ഡൽഹിയിൽ ഗ്രൂപ്പ് A മത്സരത്തിൽ നമീബിയയെ നേരിടും.

ശ്രീലങ്ക കൊളംബൊ പല്ലക്കലെ സ്റ്റേഡിയത്തിൽ രാവിലെ 11 ന് ഒമാനെ നേരിടും. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ ഇറ്റലി, നേപ്പാളുമായി മത്സരിക്കും. ഉച്ചകഴിഞ്ഞ് മൂന്നിനാണ് മാച്ച്.

✪✪✪

FIH പ്രോ ലീഗ് പുരുഷ ഹോക്കിയിൽ ഇന്ത്യ, ബെൽജിയത്തോട് ഒന്നിനെതിരെ മൂന്ന് ഗോളിന് പരാജയപ്പെട്ടു. റൂർക്കലെ ബിർസാമുണ്ട സ്റ്റേഡിയത്തിലായിരുന്നു മത്സരം. വൈകിട്ട് ഏഴരയ്ക്ക് ഇന്ത്യ അർജ്ജന്റീനയെ നേരിടും. ശനിയാഴ്ച ഇന്ത്യ ബെൽജിയത്തെ ഒരിക്കൽ കൂടി നേരിടും. അവസാന പാദത്തിൽ അർജ്ജന്റീനയോട് ഞായറാഴ്ചയാണ് ഇന്ത്യയുടെ മത്സരം.

✪✪✪

കേരള സന്ദർശനത്തിനെത്തിയ ശ്രീലങ്കൻ പ്രതിനിധി സംഘവുമായി മുഖ്യമന്ത്രി പിണറായി വിജയൻ കൂടിക്കാഴ്ച നടത്തി. ചീഫ് സെക്രട്ടറി ഡോ. ജയതിലക്, മന്ത്രിമാരായ KN ബാലഗോപാൽ, K കൃഷ്ണൻകുട്ടി, A.K ശശീന്ദ്രൻ എന്നിവരും CPIM ജനറൽ സെക്രട്ടറി MA ബേബിയും സംഘവുമായി ചർച്ച നടത്തി. ഔദ്യോഗിക പരിപാടികൾക്ക് ശേഷം ശ്രീലങ്കൻ സംഘം ഇന്ന് കൊളംബോയിലേക്ക് മടങ്ങും.

✪✪✪

പിന്നാക്ക വിഭാഗങ്ങളിലെ ഭിന്നശേഷിക്കാർക്ക് മുച്ചക്ര യൂട്ടിലിറ്റി സ്കൂട്ടറുകൾ വിതരണം ചെയ്യുന്ന പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പദ്ധതി മന്ത്രി OR കേളു തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. 18 ഭിന്നശേഷിക്കാർക്ക് ചടങ്ങിൽ സ്കൂട്ടറുകൾ കൈമാറി. പരമ്പരാഗത കരകൗശല തൊഴിലാളികൾക്ക് പണിയായുധങ്ങൾ വാങ്ങാൻ ആദ്യഗഡു ധനസഹായവും മന്ത്രി വിതരണം ചെയ്തു.

✪✪✪

ബേപ്പൂർ തുറമുഖം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്ന പദ്ധതി നാടിന്റെ മുഖച്ഛായ മാറ്റുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് അഭിപ്രായപ്പെട്ടു. പദ്ധതിക്ക് മന്ത്രിസഭാ യോഗം അംഗീകാരം നൽകിയതോടെ ബേപ്പൂരിന്റെയും മലബാറിന്റെയും വികസനത്തിനും സാമ്പത്തികാഭിവൃദ്ധിക്കും വഴിയൊരുങ്ങുമെന്ന് അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

✪✪✪

പട്ടികജാതി ഉന്നതികളിലെ വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്നവർക്ക് തുടർപഠനത്തിന് അവസരം ഒരുക്കി ജില്ലയെ പൂർണ സാക്ഷരതയിൽ എത്തിക്കുന്ന 'നവചേതന പദ്ധതി' ഗുണഭോക്താക്കളെ കണ്ടെത്താൻ സർവേ ആരംഭിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മില്ലി മോഹൻ സർവെ ഉദ്ഘാടനം ചെയ്തു.

✪✪✪

ആകാശവാണിയിൽ നിന്നും, ദൂരദർശനിൽ നിന്നും വിരമിച്ചവരുടെ കൂട്ടായ്മയായ ആകാശ് ദർശൻ കുടുംബ സംഗമം കോഴിക്കോട്ട് കവിയും ആകാശവാണി പ്രോഗ്രാം വിഭാഗം മുൻ ഓഫീസറുമായ P.P ശ്രീധരനുണ്ണി ഉദ്ഘാടനം ചെയ്തു. ആകാശവാണി ലിസണേഴ്സ് ഫോറം ചെയർമാൻ R.ജയന്ത്കുമാറും, ആകാശ് ദർശൻ ഭാരവാഹികളും പങ്കെടുത്തു.

✪✪✪

---

.

*News Editor : പി ചന്ദ്രബാബു,*
*News Reader: അനിൽ ചന്ദ്രൻ,*
*NRTS : സയ്യിദ് അലി ശിഹാബ്*
*DEO: ഷീബ*